## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 1446** **18.01.2021-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതികൾ.

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി. കൃഷ്ണൻ**<br>**ശ്രീ. കെ ജെ മാക്സി**<br>**ശ്രീ. വി. കെ. സി. മമ്മത് കോയ**<br>**ശ്രീ. എം. രാജഗോപാലൻ** | | **ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പഞ്ഞ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനുള്ള സമ്പാദ്യസമാശ്വാസ പദ്ധതിയ്ക്കായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്ന സമ്പാദ്യ -ആശ്വാസ പദ്ധതിയുടെ ധനസഹായ തുക 2700 രൂപയിൽ നിന്നും ഈ സർക്കാരിന്റെ കാലത്ത് 4500 രൂപയായി വർദ്ധിപ്പിച്ചു. പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി 2016-17, 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 3310 ലക്ഷം രൂപ, 5595.10 ലക്ഷം രൂപ, 4516 ലക്ഷം രൂപ, 5618.6 ലക്ഷം രൂപ, 5347.8 ലക്ഷം രൂപ എന്നിങ്ങനെ ആകെ 24387.5 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി | (സി) | മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി |

| | | | |
|---|---|---|---|
| | എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് ഈ സർക്കാർ അനുവദിച്ചതെന്നും അവർക്കായി എന്തെല്ലാം പരിശീലന പരിപാടികളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനായി ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം യഥാസമയം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 1

**1. സമ്പാദ്യ സമാശ്വാസ പദ്ധതി**

പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് നടപ്പാക്കിയ ഈ പദ്ധതിപ്രകാരം 1500/- രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽ നിന്നും സ്വീകരിച്ച് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായം കൂടി ഉൾപ്പെടുത്തി 4500/- രൂപ അനുവദിക്കുന്നു.

**2. വിദ്യാഭ്യാസ സഹായ പദ്ധതികൾ**

**3. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.**

മത്സ്യഫെഡ് വഴി നടപ്പാക്കുന്ന എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി, NBCFDC/NMDFC സഹായത്തോടെ നടപ്പാക്കുന്ന ടേം വായ്പകൾ, മൈക്രോ ഫിനാൻസ് പദ്ധതി, മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യക്കച്ചവടത്തിന് പലിശ രഹിത വായ്പ, വായ്പാ ദുരിതാശ്വാസ പദ്ധതി, ഉല്പ്പാദന ബോണസ്, വലകൾക്ക് സബ്സിഡി, മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി.

**4. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.**

സാഫ് മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്ക് നടപ്പാക്കുന്ന സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി, സാങ്കേതിക വിദ്യാ നവീകരണ പദ്ധതി, 3-R Package പദ്ധതി പ്രകാരം ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് കൊണ്ട് മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യക്കച്ചവടം നടത്തുന്നതിന് ധനസഹായം നൽകുന്നു. അഷ്ടമുടി Phase II പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി വനിതകളെ ഉൾകൊള്ളിച്ചു കൊണ്ട് തയ്യൽ യൂണിറ്റുകൾ consortium മാതൃകയിൽ Apparal Park ആരംഭിച്ചു പ്രവർത്തനം നടന്നു വരുന്നു. CIFT മായി ചേർന്ന് 20 Hygienic Refrigerated Mobile Fish Vending Kiosk - വനിതകൾക്ക് നൽകുന്ന പദ്ധതിയും നടപ്പാക്കുന്നു.

**5. ആഴക്കടൽ മത്സ്യബന്ധനത്തിന് 10 ബോട്ടുകൾ**

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി കേന്ദ്ര പദ്ധതിയായ PMMSY യിലുൾപ്പെടത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾക്ക് അംഗീകാരം നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. കൊച്ചിൻ ഷിപ്പ് യാർഡ് മുഖേനയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

6. നിലവിലുള്ള യന്ത്രവൽകൃത യാനങ്ങളിൽ Slurry Ice Unit, Biotoilet എന്നിവ സ്ഥാപിച്ച് നവീകരിക്കുന്ന പദ്ധതി. 2020-21 വർഷത്തിൽ ആദ്യഘട്ടമായി 100 യാനങ്ങളാണ് കേന്ദ്ര പദ്ധതിയായ PMMSY യിലുൾപ്പെടുത്തി നടപ്പാക്കുന്നത്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 2

1) **വിദ്യാതീരം പദ്ധതി**

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, റസിഡൻഷ്യൽ ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം

| വർഷം | പരിശീലനം ലഭിച്ചവർ | എം.ബി.ബി.എസ്സിന് അഡ്മിഷൻ ലഭിച്ചവർ | BDS, BAMS, BVSc, BHMS കോഴ്സിന് അഡ്മിഷൻ ലഭിച്ചവർ | ഇതര കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർ | ആകെ |
|---|---|---|---|---|---|
| 2015-16 | 47 | 11 | 4 | 14 | 76 |
| 2016-17 | 33 | 7 | 2 | 8 | 50 |
| 2017-18 | 50 | 6 | 8 | 11 | 75 |
| 2018-19 | 56 | 10 | 4 | 11 | 81 |
| 2019-20 | 84 | 13 | 14 | 17 | 128 |
| **ആകെ** | **270** | **47** | **32** | **61** | **410** |

**ബാങ്ക്, സിവിൽ സർവ്വീസ്, പി.എസ്.സി പരീക്ഷാ പരിശീലനം**

| ക്രമ നമ്പർ | പരീക്ഷാ പരിശീലനം | 2016-17 | 2017-18 | 2018-19 | 2019-20 | ആകെ |
|---|---|---|---|---|---|---|
| | | പരിശീലനം ലഭിച്ചവർ | | | | |
| 1 | ബാങ്ക് കോച്ചിങ് | 17 | 21 | 55 | 20 | 113 |
| 2 | സിവിൽ സർവ്വീസ് | 1 | 10 | 10 | 12 | 33 |
| 3 | പി.എസ്.സി | 75 | 68 | 18 | 49 | 210 |
| | **ആകെ** | **93** | **99** | **83** | **81** | **356** |

2) മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷം 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാനത്തുടനീളം അപേക്ഷകൾ ക്ഷണിച്ചു. വിദ്യാർത്ഥികളെ കണ്ടെത്തി ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതി പ്രകാരം 2016-17 ൽ 10 വിദ്യാർത്ഥികൾക്കും 2017-18 ൽ 15 പേർക്കും 18-19 ൽ 11 പേർക്കും 2019-20 ൽ 13 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട് 2020-21 ൽ പദ്ധതി നടപ്പാക്കുന്നതാണ്.

3) ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

വലിയതുറ, താനൂർ, ബേപ്പൂർ, അഴീക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 24.71 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു.

4) കരിയർ ഗൈഡൻസ് പദ്ധതി

തീരദേശ സ്കൂളുകളിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസരംഗത്തെ സാധ്യതകൾ പരിചയപ്പെടുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ട് കരിയർ ഗൈഡൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

5) ജി.ആർ.എഫ്.ടി.എച്ച്.എസ്സുകളിലെ പ്രവർത്തന ചെലവിനങ്ങൾ ക്കായി ധനസഹായം നൽകുന്ന പദ്ധതി.

വകുപ്പിന്റെ കീഴിലുള്ള 10 ജി.ആർ.എഫ്.ടി.എച്ച്.എസ്സുകളുടെ പ്രവർത്തന ചെലവിനങ്ങളായ മെസ്സ് അലവൻസ്, യൂണിഫോം, പാഠപുസ്തകങ്ങൾ കൗൺസിലിംഗ്, സ്റ്റഡിടൂർ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോച്ചിംഗ്, മെഡിക്കൽ

കെയർ, മൈക്രോടീച്ചിംഗ്, മറ്റു ചെലവുകൾക്കായി 244.20 ലക്ഷം രൂപ 10 സ്കൂളുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്

6) സ്മാർട്ട് ക്ളാസ് റൂം
ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെ 29 തീരദേശ സ്കൂളുകളിൽ 40 സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ചു വരുന്നു.

**കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത** മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ്മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകി വരുന്നു.

മത്സ്യത്തൊഴിലാളികളുടെ പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 2016-17 സാമ്പത്തിക വർഷം 19.99 കോടി രൂപയും 2017- 18 സാമ്പത്തിക വർഷം 25.53 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 29.17 കോടി രൂപയും അനുവദി ച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 29.7 കോടി രൂപയും ജില്ലകൾക്ക് അനുവദിച്ച് നൽ കിയി ട്ടുണ്ട് . 2020-21 വർഷം ഇതുവരെയായി 22.3 കോടി രൂപ അനുവദിച്ചു നൽ കി

**സെക്ഷൻ ഓഫീസർ**